

അയനം
A JOURNEY WITH WORDS
അയനം
Little Kites Magazine
St. Ignatius H.S. Kanjiramattom

# എഡിറ്റോറിയൽ

കുഞ്ഞു കൈകളിൽ പട്ടം പറത്തും പോലെ
കുഞ്ഞു വാക്കുകൾ കൊണ്ട് വിസ്മയം
കുരുന്നുകളുടെ ലോകമാണിവിടം
കഥയും കവിതയും മുതൽ
ചിന്തോദ്ദീപികമായ വാക്കുകൾ വരെ
ഇവിടെ വിരിയുന്ന
ഇതൊരു പൂവല്ല
ഒരു പൂക്കാലമാണ്
ഈ കാഴ്ചകൾ നിങ്ങൾക്ക്
ഏറെ ഇഷ്ടമായെും എന്ന് വിശ്വസിക്കുന്നു

എന്ന്

**എഡിറ്റർ**

# EDITORIAL BOARD



## ഉള്ളടക്കം


- ഐസ്ക്രീം വിൽപ്പനക്കാരൻ
- ഇന്ത്യയിലെ നൃത്തരൂപങ്ങൾ
- അമ്മ
- അനുസരണ
- കാൽപ്പാടുകൾ
- കുസൃതിചോദ്യങ്ങൾ
- കേരളാ ക്വിസ്
- കൊയ്ത്തുപാട്ട്
- ഡ്രൈവറുടെ സത്യസന്ധത
- CHEKKUTTY
- WILLIAM SHAKESPEARE
- RABINDRANATH TAGORE
- THOUGHTS
- അമ്മ എന്ന ലോകം
- ദാനശീലയായ രാജകുമാരി
- മടി മാറ്റിയ അടി
- ദരിദ്രനായ മീൻ വിൽപ്പനക്കാരൻ
- ഭൂമിയുടെ സ്വപ്നം
- യക്ഷിസൗഹൃദം
- പഴഞ്ചൊല്ലുകൾ
- മിന്നുന്നതെല്ലാം പൊന്നല്ല
- എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ – വായനക്കുറിപ്പ്
- കുഞ്ഞിക്കുരുവിയും കണ്ടൻ പൂച്ചയും
- കല്പനാ ചൗളയുടെ ജീവിത കഥ
- പേരയും മാവും
- സുഹൃദ്ബന്ധം

# <u>ഐസ്ക്രീം വിൽപ്പനക്കാരൻ</u>

ഒരിടത്ത് വളരെ ധനികനായ ഒരു ഐസ്ക്രീം കച്ചവടക്കാരൻ ഉണ്ടായിരുന്നു. അയാളുടെ പേര് കൃഷ്ണൻകുട്ടി എന്നാണ്. അയാൾ പണം സമ്പാദിക്കാനായി വേണ്ടി പല സ്ഥലങ്ങളിൽ പോകുമായിരുന്നു. അങ്ങനെ ഒരു ദിവസം കൂടുതൽ പണം ഒരു സിറ്റിയില് നിന്നും കിട്ടി. അതിനാൽ കൃഷ്ണനെന്ന വിൽപ്പനക്കാരൻ അവിടെ തന്നെ ഒരു ചെറിയ വീട്ടിൽ താമസിക്കാൻ തുടങ്ങി . അയാൾക്ക് സ്വന്തമായും ബന്ധുവായും ആരും ഉണ്ടായിരുന്നില്ല.

അങ്ങനെയിരിക്കെ ഒരു ഇടയ്ക്ക് കുറെ കുട്ടികൾ കൃഷ്ണൻറെ അടുക്കൽചെന്ന് ഐസ്ക്രീം വാങ്ങി. അവര് പിന്നീട് എപ്പോഴും വരുമായിരുന്നു. അങ്ങനെ വന്നപ്പോൾ ഒരു നാൾ അവരുടെ കൂടെ ഉണ്ടായിരുന്ന ഒരു കുട്ടി കടക്കാരൻ അറിയാതെ അയാളുടെ പിന്നിൽ പോയി ഒളിച്ചിരുന്നു. വീട്ടിലെത്തിയപ്പോൾ കടക്കാരൻ ഒരു കുട്ടി ഇരുന്നു കരയുന്ന ശബ്ദം കേട്ടു. അയാൾ പിന്നിലെത്തി നോക്കുമ്പോൾ ഒരു കുട്ടി പുറത്ത് ഇരുന്നു കരയുന്നു. അയാൾ ചോദിച്ചു : "നീ എന്തിനാണ് കരയുന്നത്? ". ബാലൻ: "ഞാൻ എന്റെ മാതാപിതാക്കൾ അറിയാതെ ആണ് ഇവിടെ വന്നത് . ഞാൻ ഒരു കളിപ്പാട്ടം വാങ്ങിത്തരാൻ പറഞ്ഞു. എനിക്ക് വാങ്ങിത്തരത്തില്ല എന്നു പറഞ്ഞതിനാലാണ് വീട്ടുവിട്ടിറങ്ങിയത്" . കടക്കാരൻ: "കുട്ടി നീ എന്തിനാണ് അതിനു എന്റെ വീട്ടിൽ വന്നത്?" . ബാലൻ : "എനിക്ക് പരിചയമുള്ളത് താങ്കളെ മാത്രമാണ്. അതുകൊണ്ടാണ് അങ്ങയുടെ പിറകെ വന്നത്". കടക്കാരൻ പറഞ്ഞു: "നീ ചെയ്തത് വളരെ വലിയ തെറ്റാണ്. നീ ഒരിക്കലും മാതാപിതാക്കളെ ഉപേക്ഷിച്ചു പോകരുതായിരുന്നു. അവർ എത്രമാത്രം ദുഃഖിക്കും? ഞാൻ നിന്നെ നാളെ അവരുടെ അടുക്കൽ കൊണ്ടു വിടാം .എനിക്ക് അച്ഛനമ്മമാർ ഒന്നുമില്ല. അതിനാൽ, എനിക്ക് അവരുടെ വില എത്രയാണെന്ന് നന്നായി അറിയാം. അതുകൊണ്ടാണ് ഞാൻ നിന്നോട് പറയുന്നത്.






അനുജ സി എ

# ഇന്ത്യയിലെ നൃത്തരൂപങ്ങൾ

- തമാശ മഹാരാഷ്ട്ര
- നൗടക്കി  ഉത്തർപ്രദേശ്
- ഗർഭ ഗുജറാത്ത്
- ഛൗ  ബീഹാർ
- ബങ്കറ  പഞ്ചാബ്
- യക്ഷഗാനം കർണാടകം
- ചാക്യാർകൂത്ത് കേരളം
- കഥകളി കേരളം
- മോഹിനിയാട്ടം കേരളം
- ഭരതനാട്യം തമിഴ്നാട്
- ഒജപാലി ആസാം
- മാച്ച മധ്യപ്രദേശ്
- ഗംഗോർ രാജസ്ഥാൻ
- ചാക്രി ജമ്മു കാശ്മീർ
- ഒഡീസി ഒഡിഷ
- കുച്ചിപ്പുടി ആന്ധ്രപ്രദേശ്
- മണിപ്പൂരി മണിപ്പൂർ






നന്ദന

# അമ്മ

പത്തു മാസം വയറ്റിൽ ചുമന്നൊരെൻ അമ്മ

യാണെന്റെ പൊന്നമ്മ.

തൊട്ടിലിലിട്ട് വാ വാ വെ ചാഞ്ചു

റക്കുന്നൊരെൻ അമ്മ ,ഞാനൊന്നു

തേങ്ങിയാൽ ഓടിപ്പാഞ്ഞെത്തി

വാ വാ വെ വാ വാ വെ ചാഞ്ചുറക്കും

എൻ അമ്മയാണെന്റ പൊന്നമ്മ.

എൻ അമ്മയെക്കാൾ എനിക്കാരുമില്ല.

എൻ അമ്മതൻ സനേഹം ആർക്കുമില്ല.



# അനുസരണ

ഒരിടത്തൊരിടത്ത് ഒരു മരത്തിൻറെ പൊത്തിൽ ഒരു കിങ്ങിണി തത്ത ഉണ്ടായിരുന്നു .രണ്ട് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു .അതിൽ ഇളയ കുഞ്ഞ് മഹാ വികൃതിയാണ് .അമ്മ എന്നും തീറ്റ തേടാൻ പോകുമ്പോൾ എപ്പോഴും പറയും നിങ്ങളുടെ ചിറകിന് തൂവലുകൾ കുറച്ചേ ഉള്ളൂ അതുകൊണ്ട് പുറത്തേക്ക് പറന്നു പോകരുത്. അവിടെ കണ്ടൻപൂച്ച ഉണ്ട് അത് പറഞ്ഞ് അമ്മ തീറ്റ തേടാൻ പോകും .ഒരു ദിവസം അമ്മ തീറ്റ തേടാൻ പോയ ഗ്യപ്പിനാ വികൃതിയായ ഇളയ തത്ത കുഞ്ഞ് പുറത്തേക്ക് പറന്നുപോയത് പറന്നുപറന്ന് ക്ഷീണിച്ച താഴെവീണു വിശന്നു തളർന്ന കണ്ടൻ പൂച്ചയുടെ മുന്നിൽ .കുഞ്ഞിനെ പൂച്ച തിന്നാനുള്ള പുറപ്പാടിലാണ്.ഈ സമയം തത്തമ്മ ആ വഴി വന്നു അപ്പോഴാണ് കണ്ടത്. പെട്ടെന്ന് തത്തമ്മ പറന്നു ചെന്ന് പൂച്ചയുടെ രണ്ടു കണ്ണിലും കുത്തി.എന്നിട്ട് കുഞ്ഞിനെയും കൊത്തിയെടുത്തു വീട്ടിലേക്ക് പോയി വീട്ടിലെത്തിയപ്പോൾ തത്തക്കുഞ്ഞ് പറഞ്ഞു .ഇനി ഞാൻ പറയുന്നത് അനുസരിക്കും. കൂട്ടുകാരെ.. നമ്മൾ ഈ കഥയിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത് മുതിർന്നവർ പറയുന്നത് അനുസരിക്കണം.





ഭാഗ്യലക്ഷ്മി ടി അജയ്

# കാൽപ്പാടുകൾ

പറയാതെ മൗനമായി നീയെൻ മനസ്സിൻ ചില്ലയിൽ

പെയ്യാതെ പോകുന്ന മഴയുടെ കാർമേഘമായി നിറയുന്നു

പലതും പല രൂപത്തിൽ പല ഭാവത്തിൽ

ഭൂമിക്കടിയിലേക്ക് ആഴ്ന്നിറങ്ങി ഇറങ്ങി

ദുഃഖങ്ങളുടെ സമ്മിത്തിലാണവ

യൊരോന്നും ഭൂമിയുടെ മിത്രങ്ങളാകുന്നത്

ആയിരം കാൽപ്പാടുകൾ അവയ്ക്കുമേൽ പതിഞ്ഞാലും

പതിഞ്ഞ ഒക്കെ മായാതെ ജീവിക്കും


മനുഷ്യജീവിതം നശ്വരമാണേലും

ആ കാൽപ്പാടുകൾ അനശ്വരമാണ്

അവസാനനാൾ വരെ ഭൂമിക്ക് ഒരു സുഹൃത്തായി

നീ മാത്രം- കാൽപ്പാടുകൾ മാത്രം





ആലിയ പി ആർ

# <u>കുസൃതിചോദ്യങ്ങൾ</u>



- 28 ദിവസമുള്ള മാസം ഏത് ?

  എല്ലാ മാസവും

- പൊരിച്ച ദിവസം ഏത് ?

  ഫ്രൈഡേ

- കുട്ടികൾ ഇഷ്ടപ്പെടുന്ന മരം ?

  സമരം

- ക്ലാസ്സിൽ കല്ല് വീണാൽ എന്തു പറയും?

  ക്ലാസിക്കൽ

- ഒരിക്കലും വിവാഹം കഴിക്കാൻ പറ്റാത്ത ദിവസം?

  ഫെബ്രുവരി 30

- കൊക്ക് ഒറ്റക്കാലിൽ നിൽക്കുന്നത് എപ്പോൾ?

  ഒരു കാൽ പോകുമ്പോൾ

- ഇംഗ്ലീഷ് അക്ഷരമാലയിലെ ഏറ്റവും തണുത്ത അക്ഷരം?

  B എസിയുടെ ഇടയിൽ ഇരിക്കുന്നതുകൊണ്ട്



അസ്ന കെ ആർ

# കേരളാ ക്വിസ്

- കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി ?
- എ കെ ആൻറണി
- കേരളത്തിൽ ജനസാന്ദ്രത കൂടുതലുള്ള ഭൂപ്രദേശം ?
- തീരപ്രദേശം
- മേജർ തുറമുഖം – കൊച്ചി
- പക്ഷിസങ്കേതം ആട്- തട്ടേക്കാട്
- പമ്പ നദിയുടെ പതന സ്ഥാനം?
- വേമ്പനാട്ടുകായൽ
- കശുവണ്ടി വ്യവസായ കേന്ദ്രം- കൊല്ലം
- എണ്ണ ശുദ്ധീകരണശാല -അമ്പലമുകൾ
- പുൽത്തൈല ഗവേഷണ കേന്ദ്ര -ഓടക്കാലി
- കുരുമുളക് ഗവേഷണ കേന്ദ്രം -പന്നിയൂർ
- ഏറ്റവും വലിയ ജലസേചന പദ്ധതി -കല്ലട
- ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി- ഇടുക്കി
- എടക്കൽ ഗുഹ -വയനാട്





അസ്ന കെ ആർ

# <u>കൊയ്ത്തുപാട്ട്</u>

താഴ്ത്തി കൊയ്യടി താളത്തിൽ കൊയ്യടി

താഴെ നിൽക്കുന്ന പെണ്ണാളെ

നീട്ടി കൊയ്യടി നീർത്തടത്തിൽ കയ്യടി

നീല താമര കണ്ണാളെ

കണ്ണാളെ എടി പെണ്ണാളെ

നീലത്താമര പെണ്ണാളെ

തെയ്യക തിന്തിമി തെയ്യക്കം താര

തെയ്യക്കം തിന്തിമി തെയ്യക്കം താര

തന്നാനി താര തക തന്നാനം താര

തന്നാനെ താര തക താര





ആലിയ ബിന്ദ് ഷാഫി

# <u>ഡ്രൈവറുടെ സത്യസന്ധത</u>

ബസ് സ്റ്റോപ്പിൽ ബസ്സ് കാത്തുനിൽക്കുന്ന ഒരു യുവതി സമയം കഴിഞ്ഞിട്ടും ബസ്സ് ഇതുവരെ എത്തിയിട്ടില്ല ആ യുവതിക്ക് സിറ്റി മുകളിൽ പോകണം അവസാനം അവൾ ഒരു ടാക്സി പോകുന്നത് കണ്ടു ടാക്സിക്ക് കൈകാട്ടി നിർത്തി ഡ്രൈവർ യുവതിയോട് ചോദിച്ചു ഗുഡ്മോർണിംഗ് മേഡം നിങ്ങൾക്ക് എവിടെയാണ് പോകേണ്ടത് ഗുഡ്മോർണിംഗ്,എന്നെ സിറ്റിമാൾ വരെ എത്തിക്കണം എന്ന് യുവതി പറഞ്ഞു .യുവതി ടാക്സിയിൽ പ്രവേശിച്ചു അധികം വൈകാതെ അവർ എത്തിച്ചേർന്നു. ഡ്രൈവർ എത്ര രൂപയായിന്ന് പരിശോധിച്ചു ഡ്രൈവർ അറുപത് രൂപ പിന്നെ തന്റെ പണവും വാങ്ങി അയാൾ പോയി. മാളിൽ പ്രവേശിച്ച യുവതി അപ്പോഴായിരുന്നു തന്റെ പേഴ്സ് ടാക്സിയിൽ വച്ച് മറന്നു എന്ന് ഓർക്കുന്നത്. ആ സമയം യുവതി പുറത്തേക്കിറങ്ങി തന്റെ പേഴ്സ് മറന്നുവച്ച ടാക്സി അന്വേഷിക്കാൻ തുടങ്ങി ആ സമയം ടാക്സിഡ്രൈവർ അവിടെയെത്തി യുവതിയുടെ പൈസ തിരികെ കൊടുക്കുകയും ചെയ്തു. ഡ്രൈവർ നന്ദി പറഞ്ഞു .ഡ്രൈവർ സത്യസന്ധനായതിനാലാണ് തന്റെ പേഴ്സ് തിരിച്ചു കിട്ടിയത്.



# CHEKKUTTY

*How Chekkutty born?*

*I am Chekkutty.*
*I was born after the flood in Kerala.*
*Would you like to hear my story?*
*I am from chendamangalam,*
*a small town in Kerala.*
*It is famous for hand loom textiles.*
*The recent flood in the state caused great*
*damage to the people, their looms and the freshly woven*
*cloths. They decided to throw every thing away.*
*Then two angles in human shape came to there aid.*
*They fashioned dolls out of the damaged clothes.*
*Thus, I was born. Now I am a symbol of hope.*
*I have come to save you.*
*I have to tell you, together we can rebuild Kerala.*

# WILLIAM SHAKESPEARE

William Shakespeare was an English play writer ,actor and he was born on 26$^{th}$ April 1564 and he passed away in 23$^{rd}$ April 1616 and raised in Start ford – upon - Avon Warwickshire. He is often called England's national poet and 'Bard of Avon'.
His prominent works are Romeo and Juliet, 10 things I hate about you, she's the man, west side story etc....

He wrote at least 37 plays and its collaborated all over the world. Though out the 20$^{th}$ and 21$^{st}$ centuries, Shakespeare's works have been continually adapted and re discovered by new movements in scholarship and Performance . His plays remain popular and are studied performed and re interpreted through various culture and political contexts around the world.



AFNA M N

# RABINDRANATH TAGORE

*Rabindranath tagore ( 1861-1941) was a Bengali literature who reshaped Bengali literature and music as well as India art in the fate 19th centuries. Author of Gitangali and its protonely sensetive fresh and beautiful. Verse he become the 1st non tropio to win the nobel prize in literature in 19B. In translation his poetry was veiwers and spiritual and influentiel.*



ANJANA KRISHNAN

# THOUGHTS

*1) Every wish is like a prayer- with God*
*2) There is always a way to be honest without being brutal*
*3) For knowledge, too, is itself a power*
*4) Prayer is the spirit speaking truth to truth*
*5) The only good is knowledge , and the only evil ignorance*
*6) Presence is more than just being there*
*7) Someone is sitting in the shade  today because someone planted a tree along time ago*
*8) Intellect annuls fate. So far as a man thinks, he is free*
*9) There are no regrets in life just lessons.*
*10) All soon or late are doom' d that path to tread*
*11) We all keep dreaming and luckily, dreams really do come true*
*12) For rarely man escapes his destiny.*
*13) God's gifts put man's best dream to shame.*
*14) Giving is the best communication*
*15) Do your duty, that is your beauty.*



GOURI S

# അമ്മ എന്ന ലോകം

അമ്മ എന്നൊരു സ്വർഗ്ഗം നമ്മെ വിളിക്കുന്നു
പൂവിൻ സൗരഭ്യം അമ്മയെന്നും

അമ്മയെന്നൊരുസ്നേഹം എന്നും കൂടെയുണ്ട്
അമ്മ ഇല്ലാത്ത ഒരു ഭൂമി ഇവിടെയില്ല

സ്നേഹത്തിന്റെയും കരുണയുടെയും ലോകം ആണ് അമ്മ
ധൈര്യവും ധീരതയും എന്നെ പുൽകിടും

മുന്നേറാനുള്ള ധൈര്യം നൽകുന്ന എന്നമ്മ
അമ്മയില്ലാതെ ഞാൻ ഇവിടെയില്ല

മാനത്തെ ചന്ദ്രികയാണ് എന്നമ്മ



അപർണ ഷിജു -5

# ദാനശീലയായ രാജകുമാരി

ഒരിടത്ത് ഒരു രാജകുമാരി ഉണ്ടായിരുന്നു അവൾ വളരെ ദാനശീലയായിരുന്നു. അങ്ങനെ അവർ ദാനം ചെയ്ത് ചെയ്ത് , ഒരിക്കൽ അവിടെ ദുഷ്ടനായ ഒരു കാട്ടാളൻ വന്നു.അവളോട് ആ കാട്ടാളൻ അവളുടെ സകല സ്വത്തുക്കളും കൊട്ടാരവും ചോദിച്ചു.അവൾ  വിസമ്മതിച്ചില്ല , സ്വത്തുക്കൾ നൽകി പിന്നെയാണ് അവർക്ക് മനസ്സിലായത് തന്ത്രപൂർവ്വം അവളെപ്പറ്റിച്ച് സ്വന്തം സോത്തുക്കൾ സ്വന്തമാക്കി.അവൾ വളരെ ദുഃഖിതയായി, ആ ദേശത്ത് ഒരു വലിയ വനം ഉണ്ടായിരുന്നു .ആ വനത്തിലെ ജീവജാലങ്ങൾ മുഴുവനും അവളുടെ സുഹൃത്തുക്കൾ ആയിരുന്നു. അവർ അവളെ സഹായിക്കാൻ തീരുമാനിച്ചു. അവർ അവളുടെ കൊട്ടാരവും സ്വത്തുക്കളും തിരിച്ചുപിടിക്കാൻ ഒരു പദ്ധതി തയ്യാറാക്കി. ആ പദ്ധതി തയ്യാറാക്കാൻ ഒരുങ്ങി അവർ സൈനികരുടെ വേഷത്തിൽ ആ കാട്ടാളനെ കാണാൻ ചെന്നു. അവർ പറഞ്ഞു മഹാരാജൻ, രാജ്യത്തെ രാജകുമാരി വന്നിട്ടുണ്ട്. രാജകുമാരിയെ കാണാൻ കാട്ടാളന് ആകാംഷയായി .രാജകുമാരിയെ കണ്ടപ്പോൾ അവൻ പറഞ്ഞു നീ തിരികെ വന്നോ.സൈനികരേ അവളെ പിടിച്ചു തുറങ്കിൽ അടയ്ക്കൂ. അവന് മനസ്സിലായില്ല ആസനകൾ അവളുടെ ആളുകളാണെന്ന്. അവർ അവനെ തന്ത്രപൂർവ്വം പിടിച്ചുകെട്ടി. തുറുങ്കലിലടച്ചു അങ്ങനെ അവൾക്ക് അവളുടെ കൊട്ടാരം തിരിച്ചു കിട്ടി. അവൾ അന്ന് ഒരു പാഠം പഠിച്ചു

"ദാനശീലം നല്ലതാണ് പക്ഷെ അത് അധികമായാൽ ആപത്തുമാണ് ."



ദിയ മധു - 6

# മടി മാറ്റിയ അടി

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീട് ഉണ്ടായിരുന്നു ആ വീട്ടിൽ അമ്മയും ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളൂ അവരുടെ അച്ഛൻ ഒരു വർഷം മുമ്പ് മരണപ്പെട്ടു. ജോലിക്ക് പോകാൻ ഭയങ്കര മടി ആയിരുന്നു. ജോലി ചെയ്ത ആ മകന് ആവശ്യമായ സാധനങ്ങൾ വാങ്ങി കൊടുത്തു. ഒരു സന്യാസിയെ കണ്ടു എന്നിട്ടും മടിയെ കുറിച്ച് പറഞ്ഞു അപ്പോൾ സന്യാസി പറഞ്ഞു മടി മാറ്റാൻ ഉള്ള വഴി ഞാൻ പറഞ്ഞുതരാം. ഒരു വടിയെടുത്തു എന്നിട്ട് പറഞ്ഞു ഒരു ശക്തിയുണ്ട് എന്ന് പറഞ്ഞു വിട്ടു എന്ന് പറയുമ്പോൾ അത് അടിച്ചു പറഞ്ഞു വീണ്ടും ഈ വടി നിൻറെ വീടിൻറെ മുകളിൽ വയ്ക്കണം ഈ വടിയുടെ രഹസ്യം മകനോട് പറയരുത്. അങ്ങനെ അമ്മ വടിയുമായി വീട്ടിൽ പോയി. അന്നുമുതൽ മകനെ അടിച്ചു ജോലിക്ക് വിടാൻ തുടങ്ങി. അമ്മ അടിച്ചതിനാല് എന്നും ജോലിക്ക് പോയി ഇപ്പോൾ മടി പോയി അമ്മ ഒരുപാട് സന്തോഷിച്ചു സന്യാസിയോട് നന്ദി പറഞ്ഞു.



ഹൈന ഫാത്തിമ - *6*

# ദരിദ്രനായ മീൻ വിൽപ്പനക്കാരൻ

ഒരിടത്ത് ഒരു മീൻപിടുത്തക്കാരൻ ഉണ്ടായിരുന്നു. എന്നാൽ അയാൾ വളരെ ദരിദ്രനും പാവപ്പെട്ടവനും ആയിരുന്നു.. അയാളുടെ പേര് രാമു എന്നാണ്. അയാളുടെ ഭാര്യയുടെ പേര്തങ്കമ്മയെന്നാണ്. അവർക്ക് മക്കളില്ല ഒരു ദിവസം മീൻപിടുത്തക്കാരൻ മീൻപിടിക്കാൻ പോയി. അയാൾ കുറെ നേരം ചൂണ്ട വെള്ളത്തിൽ ഇട്ടു ,പക്ഷേ മീൻ കിട്ടിയില്ല അയാൾ നിരാശനായി. അവസാനമായി അയാൾ വീണ്ടും ചൂണ്ട വെള്ളത്തിലിട്ടു അപ്പോൾ എന്തോ ഭാരമുള്ള ഒന്ന് അതിൽ കുടുങ്ങി .അയാൾ അത് കരയിലേക്ക് വലിച്ചു കയറ്റാൻ തുടങ്ങി അങ്ങനെ കരയിൽ കയറി നോക്കി .രാമു അത്ഭുതപ്പെട്ടു നിന്നു. അയാൾ കരുതിയിരുന്നത് മീൻ ആണെന്നായിരുന്നു പക്ഷേ അത് ഒരു സ്വർണനിറമുള്ള കുപ്പി ആയിരുന്നു. അതിൻറെ ഉള്ളിൽ എന്തോ മീൻ ഉണ്ടായിരുന്നു അയാൾ അത് അയാളുടെ വീട്ടിലേക്ക് കൊണ്ടുപോയി .എന്നിട്ട് നടന്നതെല്ലാം ഭാര്യയോട് പറഞ്ഞു. ഭാര്യ വളരെ ധൃതിപ്പെട്ട് അത് തുറക്കാൻ അങ്ങനെ അത് തുറന്നു. പെട്ടെന്ന് അതിൽനിന്ന് ഒരു ഭൂതം പുറത്തു വന്നു. എന്നിട്ട് പറഞ്ഞു: ഞാൻ കുപ്പി ഭൂതമാണ് നിങ്ങളെ സഹായിക്കാൻ വന്നതാണ് ഞാൻ. എന്നാൽ നിങ്ങൾ എനിക്കൊരു സഹായം ചെയ്തു തരണം .അവർ ഇരുവരും സമ്മതിച്ചു. എന്താണ് സഹായം . ഭൂതം പറഞ്ഞു: ഞാൻ ഇവിടെ വന്നതും ,നിങ്ങളെ സഹായിക്കാം എന്ന് പറഞ്ഞത് ആരോടും പറയരുത്. അവർ സമ്മതിച്ചു എന്നിട്ട് പറഞ്ഞു നീ ഞങ്ങളെ എങ്ങനെ സഹായിക്കും? നിങ്ങൾക്ക് എന്ത് വേണമെങ്കിലും എന്നോട് ചോദിക്കാം. അവർ പറഞ്ഞു: ഞങ്ങൾക്ക് ഇപ്പോൾ കഷ്ടകാലമാണ് ഞങ്ങൾക്ക് പണം ആവശ്യമാണ് കുറച്ചു പണം വേണം തരുമോ. ഭൂതം പറഞ്ഞു: തീർച്ച .അവർ സമ്മതിച്ചു എന്നിട്ട് ബോധം പോയി. അവർ അപ്പോൾ തന്നെ അയൽവാസികളോട് പറഞ്ഞു. അങ്ങനെ അത് നാട്ടു മുഴുവൻ പാട്ടായി. ഭൂതം വന്നപ്പോൾ രാമു ഇക്കാര്യം എന്നോട് പറഞ്ഞു. നിങ്ങളെ സഹായിക്കാൻ എന്നത് എൻറെ തെറ്റാണ്. ഞാൻ തിരികെ പോകുവാ. അവർക്ക് അവരുടെ തെറ്റ് മനസ്സിലായി.അവർ ഭൂതത്തിനോട് മാപ്പ് ചോദിച്ചു. പക്ഷെ ഭൂതം പോയി. അങ്ങനെ തന്നെ അവരുടെ ജീവിതം തുടർന്നു.



ആദില - 6

# ഭൂമിയുടെ സ്വപ്നം

കഥാനായകനായ ഉണ്ണിക്ക് വരുന്ന പ്രണയിനിയുടെ സന്ദേശത്തെ കുറിച്ച് പറഞ്ഞു കൊണ്ടാണ് നോവൽ തുടങ്ങുന്നത്. .സ്വദേശമായ ഇസ്രായേലിൽ നിന്ന് ബുദ്ധന്റെയും അശോകനെയും ശങ്കരാചാര്യരുടെയും, മഹാത്മാഗാന്ധിയുടെയും, ടാഗോറിന്റെ ജന്മനാടായ ഇന്ത്യയിൽ ഉണ്ണിയോടൊപ്പം ജീവിക്കാൻ ആഗ്രഹിക്കുന്ന പെൺകുട്ടിയാണ് സൈറ .സൈറയെ കണ്ടുമുട്ടിയത് പോലെ തന്റെ ജീവിതത്തിൽ എല്ലാം യാദൃശ്ചികം ആയിരുന്നു എന്ന് ഉണ്ണി ഓർക്കുന്നു. ഓർമ്മകൾ ഭൂതകാലത്തിലേക്ക് സഞ്ചരിച്ചു. കുട്ടിക്കാലത്ത് നന്നേ ഇല്ലാത്ത പ്രതാപങ്ങൾ നശിച്ചിരുന്നു. അച്ഛന്റെ മരണത്തോടുകൂടി അമ്മയും ഉണ്ണിയും അനാഥരായി. ജീവിതത്തിൽ ഇരുണ്ട വഴികളിൽ അവർ ഒറ്റപ്പെട്ടു. പക്ഷേ ആരുടെയും സഹായത്തിന് കാക്കാതെ അമ്മ സ്വയം കരുത്താർജ്ജിച്ചു. അമ്മയുടെ നെറ്റിയിൽ വലിയ കുങ്കുമപ്പൊട്ട് മായാതെ കിടന്നു. ജീവിത ബന്ധത്തിൽ പൊട്ടാത്ത ചരട് എന്ന് ഗൗരവമുള്ള പേരാണ് അവൻ പള്ളിക്കൂടത്തിൽ ഇട്ടത്. അവൻ വളർന്നത് ആനന്ദനിർവൃതിയോടെ നോക്കികണ്ടു. ആ സ്നേഹത്തിന് മകൻ തിരികെ കൊടുത്തത് പഠനത്തിലെ മികവും നല്ല പെരുമാറ്റവുമാണ്. ജീവിതത്തിന്റെ നേർവഴികളിലൂടെ നടന്നു. ഗ്രാമത്തിലെ സർക്കാർ പള്ളിക്കൂടത്തിൽ ആയിരുന്നു പഠനം. സ്വന്തം പേരുകളെക്കുറിച്ച് നേരായ അറിവുകൾ നേടി. അതിന്റെ ശക്തിയിൽ ആകാശങ്ങൾ തേടി പറന്നുയർന്നു. അമ്മയുടെ വാത്സല്യം അവന്റെ ചുവടുകൾക്ക് പ്രകാശമായി. എല്ലാവരോടും വിനയത്തോടെ പെരു മാറുമ്പോഴും തോറ്റു കൊടുക്കില്ല എന്ന ദൃഢപ്രതിജ്ഞ എടുത്തു. മുംബൈയിൽ പഠിക്കാൻ പോയത് അമ്മയുടെ നിർബന്ധപ്രകാരമാണ്. മുംബൈ ഐ.ഐ.ടിയിൽ എൻജിനീയറിങ് പ്രവേശനം ലഭിച്ചു .സ്വപ്നംകണ്ട് വിസ്മയലോകത്ത് എത്തിപ്പിടിക്കാൻ ശ്രമിക്കുന്നു അതോടെ വീടുവിട്ട് അകലുകയാണ്. അമ്മയുടെ മനസ്സും മുഖവും പൂത്തുലഞ്ഞു. ഒരു മഹാസ്വപ്നം സഫലമാകുകയാണ്. നാട്ടിൽ തന്നെ അമ്മയോടൊപ്പം ജീവിക്കണമെന്ന മോഹം പിഴുതെറിഞ്ഞ അമ്മയാണ് മകന്റെ വ്യക്തിത്വം സമ്പൂർണ്ണമായി വികസിക്കണം എന്ന് ആഗ്രഹിച്ചത്. രാഷ്ട്രത്തിനുവേണ്ടി എന്ത് നൽകാനാവുമെന്ന് ചിന്തിക്കണം എന്ന് അമ്മ ഓർമിപ്പിക്കുന്നു. മകൻ ഗ്രാമത്തോട് യാത്ര പറയുമ്പോൾ മനസ്സ് വേദനിക്കാതിരിക്കാൻ അമ്മ ശ്രമിച്ചു. മഹാനഗരത്തിലെ തിരക്കിലേക്ക് വലിച്ചെറിയാതെ സ്വയം സൂക്ഷിച്ച ഏകാഗ്രമായി പഠിച്ചു.സമർത്ഥനായ വിദ്യാർത്ഥി എന്ന പേര് കേട്ടു. അമ്മയുടെ പ്രാർത്ഥനയും അനുഗ്രഹവും കരുത്തായി. അമ്മയുടെ വാക്കുകൾ ഭൂമിയുടെ ശബ്ദമാണ്. ചരിത്രമുറങ്ങുന്ന പർവ്വതങ്ങളും താഴ്വാരങ്ങളും തിരക്കേറിയ തെരുവിൽ തെരുവീഥികളും പ്രശാന്തമായ കടലോരവും ഏകാന്തനായി ഇരുന്ന ഉണ്ണിക്ക്  അസ്തമയ സൂര്യനും ചുവപ്പ് ചിലർ തിരമാലയുടെ ശബ്ദവും കാറ്റിൽ കുളിർമയും മാത്ര സാന്നിധ്യമായി അനുഭവപ്പെട്ടു.

ദേവി നന്ദന – *8*

# യക്ഷിസൗഹൃദം



പണ്ട് പണ്ട് ഒരിടത്ത് ഒരു ഭയാനകമായ കാട് ഉണ്ടായിരുന്നു യക്ഷിക്കാട് എന്നാണ് അറിയപ്പെടുന്നത്. കാട്ടിൽ ഒരു പാല മരം ഉണ്ടായിരുന്നു. മന്ത്രവാദികൾ യക്ഷികളെ തളച്ചിടുന്നത് പാലമരത്തിൽ ആയിരുന്നു. അങ്ങനെ ഇരിക്കെ ഗ്രാമത്തിൽ നിന്നും കുറച്ച് കുട്ടികൾ കാട് സന്ദർശിക്കാനായി വന്നു. കുറച്ച് കഴിഞ്ഞപ്പോൾ കുട്ടികൾക്ക് വിശക്കാൻ തുടങ്ങി. കുറച്ചുനേരം വിശ്രമിക്കാനായി അവർ ഒരു ചെറിയ കൂടാരം കെട്ടിയിരുന്നു. പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. ഭയാനകമായ ഒരു കാറ്റ് വീശി. അവരുടെ കൂടാരം പറന്നു പോകാൻ പോയപ്പോൾ, പാലമരത്തിൽ ഇരുന്ന ആണി ഊരി അതിനെ പിടിച്ചു നിർത്താനായി ശ്രമിച്ചു. ആണിയിൽ തറച്ച യക്ഷിക്ക് കുട്ടികളെ വളരെ ഇഷ്ടമായി. അതുകൊണ്ട് കുട്ടികളെ യക്ഷി ആക്രമിച്ചില്ല കുട്ടികൾക്ക് ഭയമുണ്ടായിരുന്നു. ആ ഭയം അകറ്റാനായി കുട്ടികളോടൊപ്പം കളിച്ചും ചിരിച്ചും നടന്നു. യക്ഷി പാലമരത്തിൽ തളച്ച കഥ കുട്ടികളോട് പറഞ്ഞു കൊടുക്കാൻ തുടങ്ങി. മൂന്ന് വർഷങ്ങൾക്ക് മുമ്പ് മാഹിഷ്മതി എന്ന് ഒരിടത്ത് ഒരു കൊട്ടാരം ഉണ്ടായിരുന്നു. അപ്പോൾ കുട്ടികൾ ചോദിച്ചു രാജകുമാരി ആയിരുന്നു യക്ഷി അല്ലേ ഞാൻ അവിടുത്തെ ദാസി ആയിരുന്നു എന്നിട്ട് ഞാനും കൊട്ടാരത്തിലെ രാജകുമാരൻ തമ്മിൽ ഇഷ്ടത്തിൽ ആയിരുന്നു ആ കാര്യം രാജ്ഞി അറിഞ്ഞു കാട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു ആ സമയം എൻറെ വയറ്റിൽ ഒരു കുട്ടിയുണ്ടായിരുന്നു രാത്രി അവിടെ വച്ച് എന്നെ കുത്തി കൊന്നു അന്നാണ് ഞാനും എൻറെ പിറക്കാൻ പോകുന്ന കുഞ്ഞ് മരിച്ചത് അന്നുമുതലാണ് എനിക്ക് കുട്ടികളുടെ ഇഷ്ടം തോന്നിയത് അങ്ങനെയിരിക്കെ എനിക്കു മോക്ഷം കിട്ടാതായപ്പോൾ ആണ് എന്ന് ഈ പാലമരത്തിൽ തറച്ചത് ഇത് കേട്ടപ്പോൾ കുട്ടികൾക്ക് വളരെ സങ്കടമായി കഥയിൽ മുഴുകി ഇരിക്കുന്ന കുട്ടികൾ നേരം പോയതറിഞ്ഞില്ല യക്ഷി യോട് യാത്ര പറഞ്ഞ് കുട്ടികൾ മടങ്ങി.



അലീന – 8

# പഴഞ്ചൊല്ലുകൾ

അടിതെറ്റിയാൽ ആനയും വീഴും അണ്ണാൻകുഞ്ഞും തന്നാലായത് അധികമായാൽ അമൃതും വിഷം

അപായം വന്നാൽ ഉപായം വേണം

ആന കൊടുത്താലും ആശ കൊടുക്കരുത്

ഇരിക്കുന്ന കൊമ്പ് മുറിക്കരുത്

ഒത്തുപിടിച്ചാൽ മലയും പോരും

കരയുന്ന കുഞ്ഞിനേ പാലുള്ളൂ

കാക്ക കുളിച്ചാൽ കൊക്കാകുമോ

കാണം വിറ്റും ഓണം ഉണ്ണണം

സ്വരം നന്നായിരിക്കുമ്പോൾ പാട്ട് നിർത്തുക നിലക്ക് നിന്നാൽ മലക്ക് സമം

വടി കൊടുത്ത് അടി വാങ്ങരുത് വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

തല മറന്ന് എണ്ണ തേക്കരുത്

സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

വിതച്ചതേ കൊയ്യൂ

പറിച്ച നട്ടാലേ കരുത്ത് കൂടൂ

വിഷു കണ്ട രാവിലെ വിത്ത് ഇറക്കണം മുളയിലറിയാം വിള

കതിരിന്മേൽ വളം വയ്ക്കരുത്

നെല്ലറ കൊല്ലാറ

വിതച്ചതേ കൊയ്യൂ

ഹസ്ന - 8

# മിന്നുന്നതെല്ലാം പൊന്നല്ല

കുറെ നാളുകൾക്കു മുമ്പ് ഒരു മുത്തശ്ശി ഒരു ആൽത്തറയിൽ ഇരിക്കുകയായിരുന്നു ഒന്നു മുത്തശ്ശിയുടെ മുഖത്ത് വളരെ സങ്കടമാണ് കാണാൻ കഴിഞ്ഞത് പിന്നെയാണ് ഞാൻ ഒരു കാര്യം ശ്രദ്ധിച്ചത് ഒരു




കുട്ടി ആ മുത്തശ്ശിയുടെ അടുത്തേക്ക് നീങ്ങുന്നു ഇനി തുടർന്നുള്ള ആ കുട്ടിയും മുത്തശ്ശിയുടെയും കഥയാണ് മുത്തശ്ശിയുടെ അടുത്തേക്ക് ചെന്നപ്പോഴാണ് ഒരു കാര്യം ശ്രദ്ധിച്ചത് മുത്തശ്ശിയുടെ കയ്യിൽ ഒരു ഭിക്ഷാപാത്രം ഉണ്ടായിരുന്നു കാര്യം തിരക്കി എന്താണ് മുത്തശ്ശിക്ക് പറ്റിയത് കുറേനേരം മുത്തശ്ശിയുടെ കണ്ണിൽ കണ്ണുനീർ കാരണം കണ്ണ് മങ്ങിയിരുന്നു കാരണം തികച്ചും കാണപ്പെടുന്നത് കുട്ടിയുടെ ചോദ്യം കേട്ട മുത്തശ്ശി കുട്ടിയുടെ തല മുടിയിൽ തലോടി കുട്ടിയെ പുഞ്ചിരിച്ച കാണിച്ച ചോദ്യത്തിന് മറുപടി പറഞ്ഞു നിനക്ക് എന്നെ പറ്റി എന്തറിയാം കുടി പോയാൽ ഒരു ഭിക്ഷക്കാരി ചോദിച്ച ജീവിതകഥ പറഞ്ഞു ഞാൻ എൻറെ വീട്ടിലെ ഗൃഹനാഥൻ ആയിരുന്നു എനിക്ക് ആഹാരത്തിൽ വസ്ത്രത്തിന് ഒന്നിനും കുറവില്ലായിരുന്നു എൻറെ ഭർത്താവിന് ക്യാൻസർ ബാധിച്ചിരുന്നു മരണം അത് കഴിഞ്ഞ് ഞാൻ എൻറെ മക്കളെ വളർത്തിയത് വളരെയധികം കഠിനാധ്വാനം ചെയ്താൽ ചെയ്തിട്ടുണ്ടായിരുന്നു വളർന്നപ്പോൾ എനിക്ക് സമാധാനമായി കാരണം മകൾക്ക് ജോലിയായി ജീവിക്കാനുള്ള ചുറ്റുപാടുമായി ആദ്യമൊക്കെ വളരെയധികം സ്നേഹമായിരുന്നു എന്നോട് എല്ലാവരുടേയും വിവാഹം കഴിഞ്ഞു പിന്നെ എൻറെ പ്രായമേറി വന്നപ്പോൾ അവർക്ക് എൻറെ ജീവിതശൈലികൾ പിടിക്കാനായി അങ്ങനെ ഇരുന്നപ്പോൾ ഒരു ദിവസം ഞാൻ തലകറങ്ങി വീണു അവരെന്നെ ആശുപത്രിയിലെത്തിക്കാൻ ശ്രമിച്ച ജില്ല അയൽക്കാർ പറഞ്ഞപ്പോൾ അവർ എന്നെ ആശുപത്രിയിലെത്തിച്ച അവിടേക്ക് വരുന്നത് തന്നെ കഷ്ടപ്പെട്ട് ആയിരുന്നു മരുമക്കൾക്ക് എന്നെ അത്ര ഇഷ്ടമില്ലായിരുന്നു എന്നാൽ ഒരു ദിവസം അവർ വളരെ സ്നേഹത്തോടെ എൻറെ അടുത്ത് വന്നു എന്നിട്ട് വിവരങ്ങൾ തിരക്കി അപ്പോൾ ഞാൻ സന്തോഷിച്ച എന്നെ ഇവർ വൈകിയാണെങ്കിലും മനസ്സിലാക്കി എന്ന് ആശ്വസിച്ച അവർ എന്നെ ഒരുപാട് സ്നേഹിച്ച ഞാൻ ഒരുപാട് സന്തോഷിച്ച അങ്ങനെയിരുന്നപ്പോൾ എൻറെ അടുത്ത് മൂത്തമകൻ കുറച്ച് വെള്ളക്കടലാസിൽ ഒപ്പിടാൻ പറഞ്ഞു എന്നിട്ട് ആശുപത്രിയിൽ നിന്ന് വീട്ടിൽ കൊണ്ടുപോയി അവിടെ എന്നെ ഒരു സ്ഥലത്ത് കൊണ്ടു പോകാൻ എന്നു പറഞ്ഞു തിരക്കുള്ള ഒരു പള്ളിയിൽ കൊണ്ടാക്കി ഒരു ആൾക്കൂട്ടത്തിനിടയിൽ നിന്ന് എൻറെ മകൻ ദേശത്തോട് പറഞ്ഞു ഞങ്ങൾക്ക് ഒരു ഭാരവാഹി ദുരിതം വാക്ക് കേട്ട് നെഞ്ച് തകർന്നു പോയി


അപ്പോൾ ഞാൻ പറഞ്ഞു നിങ്ങൾക്ക് എന്നെ വേണ്ടെങ്കിൽ എൻറെ വീട്ടിൽ നിന്ന് ഇറക്കി കോണം കഷ്ടപ്പെട്ടുണ്ടാക്കിയ വീടാണ് നിനക്ക് ഒരു അവകാശവുമില്ല അപ്പോൾ മകൻ പൊട്ടിച്ചിരിച്ചു ഹഹഹ കിളവി ഒന്നുമില്ല അവിടെ മുത്തശ്ശി അമ്പരന്നുപോയി പിന്നെയാണ് മനസ്സിലായത് മകൻ ഒപ്പിച്ചത് സ്വത്തുക്കൾ സ്വന്തം പേരിൽ ആക്കാനുള്ള മുദ്രപത്രം ആയിരുന്നു എന്നും ഈ സത്യം കേട്ടപ്പോൾ മുത്തശ്ശിയുടെ നീങ്ങി പൊട്ടാൻ തുടങ്ങി പിന്നെയാണ് മനസ്സിലായത് താൻ കൊടുത്ത സ്നേഹം വെറുതെ ആയിരുന്നു അപ്പോൾ മുത്തശ്ശിക്ക് പ്രായശ്ചിത്തം ചെയ്യാൻ തോന്നി ഇങ്ങനെ മനസാക്ഷിയില്ലാത്ത ജന്തുക്കൾക്ക് ജന്മം കൊടുത്തത് ഇതിൽ കഥയായിരുന്നു മുത്തശ്ശി ബാലനോട് പങ്കുവെച്ചത് ഈ കഥ കേട്ട് ബാലനെ അമ്മയോട് പറഞ്ഞ് തന്നെ വീട്ടിലേക്ക് തന്നെ മുത്തശ്ശിയായി കൊണ്ടുപോയി ഈ കഥയാണ് എനിക്ക് പങ്കു വെക്കാനുള്ളത് പഴയ മുത്തശ്ശിയെയും അച്ഛനെയും വഴിയിൽ വലിച്ചെറിയാനുള്ളതല്ല അങ്ങനെ ചെയ്താൽ നാളെ നമുക്കും ആ ഗതി ഉണ്ടായിരിക്കും.




സന്തുലാൽ-8

# എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ - വായനക്കുറിപ്പ്

ഞാൻ വായിച്ച പുസ്തകത്തിൻറെ പേരാണ് എൻറെ സത്യാന്വേഷണ പരീക്ഷണ കഥ .ഈ പുസ്തകം മഹാത്മാഗാന്ധിയുടെ ആത്മകഥയാണ് ഈ പുസ്തകത്തിൽ ഗാന്ധിജിയുടെ ജനനം മുതലുള്ള കാര്യങ്ങൾ ഉൾപ്പെടുന്നു.ഈ ജീവിതത്തിൽ നമ്മൾ വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് എൻറെ സത്യാന്വേഷണ പരീക്ഷണ കഥ ഒരു മനുഷ്യൻ എങ്ങനെ ജീവിക്കണം എന്ന് ചൂണ്ടിക്കാണിക്കുക കൂടെയാണ് ആണ് കുട്ടിക്കാലം മുതൽ ഇവിടെ



വരെയുള്ള ജീവിത അനുഭവം എഴുതുകയായിരുന്നു ഗാന്ധിജി ഈ പുസ്തകം എഴുതിയത് ഗുജറാത്തി ഭാഷയിൽ ആയിരുന്നു ഈ ഭാഷ മലയാളത്തിലേക്ക് പരിഭാഷ ചെയ്യുകയായിരുന്നു ഗാന്ധിജിയുടെ സ്വഭാവത്തെപ്പറ്റി വ്യക്തമായി തന്നെ ഗാന്ധിജി പറയുന്ന ഈ പുസ്തകം വായിക്കുമ്പോൾ തന്നെ അറിയാം അഹിംസ സത്യം എന്നിങ്ങനെ എല്ലാം ഉറപ്പുവരുത്തുന്ന ജീവിത മാതൃകയാണ് ഗാന്ധിജിയുടേത് ജീവിതത്തിൽ ആരെയും വഞ്ചിക്കാത്ത ആരെയും ദ്രോഹിക്കാതെ ഇങ്ങനെയൊക്കെ ചെയ്യുന്ന വളരെ കുറച്ച് മനുഷ്യരെ കാണുമ്പോൾ അതിൽ ഏറ്റവും നല്ല ഉദാഹരണമാണ് ഗാന്ധിജി ഒരുപാട് രസകരമായ നിമിഷങ്ങളും സങ്കടങ്ങൾ ഉൾപ്പെടുത്തുന്ന നിമിഷങ്ങളും പേടിപ്പെടുത്തുന്ന നിമിഷങ്ങളും പങ്കുവെച്ചും ഗാന്ധിജി ഈ മനോഹരമായ പുസ്തകം വായിക്കാതെ ഇരിക്കുകയാണെങ്കിൽ ഈ പുസ്തകത്തിലെ ചില പ്രധാന കാര്യങ്ങളും ഒന്ന് പഠിച്ച് ച്ച വെക്കുന്നത് വളരെ നല്ല കാര്യം അതിലൊന്നാണ് ഈ പുസ്തകം വായിക്കുമ്പോൾ അറിയാതെ തന്നെ നമ്മുടെ എല്ലാവരുടെയും കണ്ണ് നിറയും എനിക്ക് ഇതിൽ ഏറ്റവും ഇഷ്ടപ്പെട്ട അധ്യായമാണ് ഭാഗം ഒന്നിലെ ഹൈസ്കൂളിൽ ഇതിൽ ഗാന്ധിജിയുടെ സ്വഭാവത്തെപ്പറ്റി വർണ്ണിക്കുന്നുണ്ട് എങ്ങനെ ഗാന്ധിജിയുടെ എല്ലാം അടക്കിവെച്ചിരിക്കുന്ന കഥകളാണ് എൻറെ സത്യാന്വേഷണ പരീക്ഷണ കഥ.



അന്ന രാജ് -8

# കുഞ്ഞിക്കുരുവിയും കണ്ടൻ പൂച്ചയും

കുഞ്ഞി കുരുവി തീറ്റ അന്വേഷിച്ച് നടക്കുകയായിരുന്നു പറന്നുപറന്ന് അവളുടെ വീട്ടുമുറ്റത്ത് ചെന്നു അവിടെ കുറേ ഗോതമ്പുമണികൾ ഉണക്കാനായി ഒരു മുറത്തിൽ




വച്ചിരുന്നു അവരുടെ ശ്രദ്ധയിൽപ്പെട്ടു എത്ര ദിവസമായി ഗോതമ്പുമണികൾ തിന്നിട്ട് അവയുടെ വായിൽ വെള്ളമൂറി അവൾ പതിയെ നടന്ന് മുറ്റത്തെത്തി എത്തിയിട്ട് ചുറ്റും നോക്കി ആരും ഇല്ല അവൾ കണ്ണുകളടച്ച് ഗോതമ്പുമണികൾ കുത്തി തിന്നാൻ തുടങ്ങി ആർത്തിമൂത്ത ചുണ്ട് നിറയെ ഗോതമ്പുമണികൾ കൊത്തിയെടുത്തു പെട്ടെന്നായിരുന്നു അത് സംഭവിച്ചത് അവളുടെ കഴുത്തിൽ പിടിച്ചിരിക്കുന്നു അവൾ കണ്ണു തുറന്നു നോക്കിയപ്പോൾ അതാ ഒരു കണ്ടൻപൂച്ച ചെത്തി മരത്തിൻ ചുവട്ടിൽ പതുങ്ങിയിരുന്ന് എല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു ആ വീട്ടിലെ വളർത്തു പൂച്ച ആയിരുന്നു കണ്ടൻ കുഞ്ഞിക്കിളിയുടെ വെപ്രാളം കണ്ട് അവന് ചിരിയടക്കാൻ കഴിഞ്ഞില്ല കണ്ടൻ പിടി വിടുന്ന ലക്ഷണമില്ല എങ്ങനെയെങ്കിലും അവനിൽ നിന്ന് രക്ഷപ്പെടണം എന്ന് ഓർത്തിട്ട് എന്ന പോലെ അവൾ കണ്ടൻ പൂച്ചയുടെ ചോദിച്ചു നിന്നെ തിന്നാൻ പോവുകയാണ് എന്ന് തോന്നുന്നു എന്താ സംശയം എന്നെ രാവിലത്തെ ഭക്ഷണം നീ ആയിക്കോട്ടെ എല്ലാം കീഴടക്കിയ ഭാഗത്തിൽ കണ്ണൻ പറഞ്ഞു ചേട്ടൻ എന്നെ കൊന്നു തിന്നോളൂ പക്ഷേ അതിനു മുൻപ് ഞാൻ ചേട്ടനോട് ഒരു കാര്യം ചോദിക്കട്ടെ ചോദിച്ചോളൂ ചോദിച്ചോളൂ കണ്ടൻ പൂച്ച റെഡിയായി രാവിലെ എഴുന്നേറ്റ് ഭക്ഷണത്തിന് മുൻപേ പല്ലുതേക്കാൻ ഡേ മുഖം കഴുകാൻ വൃത്തിയില്ലാതെ ആണോ ആഹാരം കഴിക്കുന്നത് വൃത്തി ഉണ്ടെങ്കിലല്ലേ ശുചിത്വം ഉണ്ടാകും ശുചിത്വം ഉണ്ടെങ്കിലല്ലേ ആരോഗ്യമുണ്ടാകൂ കുഞ്ഞിക്കുരുവി തലയാട്ടി കണ്ടൻപൂച്ച അവളുടെ കഴുത്തിൽ നിന്നും പിടി വിട്ടു പല്ലുതേച്ച് മുഖം കഴുകാനായി കുളക്കടവിലെ കൂടി ഈ തക്കത്തിന് കുഞ്ഞുകുരുവി തൻറെ കുഞ്ഞു ചിറകുകൾ തട്ടി കുടഞ്ഞു പിന്നെ പറന്ന് മാവിൻ കൊമ്പിൽ ഇരുന്നു കണ്ടൻപൂച്ച മുഖം കഴുകി ഓടിയെത്തി കുഞ്ഞുകുരുവി എവിടെ അവൻ ചുറ്റും നോക്കി മാവിൻ കൊമ്പത്ത് ഇരുന്നു പറഞ്ഞു എടാ മണ്ടൻ പൂച്ചേ ഞാനിവിടെ ഉണ്ട് ഇപ്പോഴാണ് കണ്ടൻ പൂച്ചയ്ക്ക് തനിയെ തനിക്ക് പറ്റിയ അമളി മനസ്സിലായത് അവൻ ദേഷ്യത്തോടെ അറിയിച്ചു ഇനിയൊരിക്കലും ആഹാരം കഴിക്കുന്നതിനു മുമ്പ് കൈയും മുഖവും കഴുകുന്ന പ്രശ്നമേ ഇല്ല അന്ന് മുതലാണത്രേ പൂച്ച ആഹാരം കഴിച്ച ശേഷം കൈ കൊണ്ട് വായ തുടയ്ക്കാൻ തുടങ്ങുന്നത്

മെബിൻ കെ ബിജു – 8

# നാടൻപാട്ട്

താഴ്ത്തി കൊയ്യടി താളത്തിൽ കൊയ്യടി

താഴെ നിൽക്കുന്ന പെണ്ണാളെ

നീട്ടി കൊയ്യടി നീർത്തടത്തിൽ കയ്യടി

നീല താമര കണ്ണാളെ

കണ്ണാളെ എടി പെണ്ണാളെ


നീലത്താമര പെണ്ണാളെ

തെയ്യക തിന്തിമി തെയ്യക്കം താര

തെയ്യക്കം തിന്തിമി തെയ്യക്കം താര

തന്നാനി താര തക തന്നാനം താര

തന്നാനെ താര തക താര



# <u>കല്പനാ ചൗളയുടെ ജീവിത കഥ</u>

ഒരു ചെറിയ ഗവൺമെൻറ് ആശുപത്രിയിൽനിന്ന് ആ ലേബർ റൂമിൽ നിന്നും ഒരു ചെറിയ കരച്ചിൽ കേട്ടു തന്നെ കുട്ടിയെ കാണാൻ ആകാംക്ഷയോടെ അച്ഛൻ ലേബർ റൂമിലെ വാതിലിൽ കാത്തുനിൽക്കുകയാണ് രണ്ട് മാലാഖമാർ എനിക്ക് എൻറെ കൺമണിയെ കയ്യിൽ തന്നു അവളുടെ മുഖം കണ്ടപ്പോൾ എനിക്കുണ്ടായ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷമായിരുന്നു തുടങ്ങി ആകാശത്ത് അമ്പിളിമാമൻ സംസാരിക്കാൻ തുടങ്ങി വളർന്നു അവളെ ടീച്ചറാണ് അമ്മക്ക് ഇഷ്ടം അവളെ ഡോക്ടറാകാനുള്ള അച്ഛന് താല്പര്യം കുഞ്ഞിനെ ആകാശത്തിന് പറ്റിഅറിയാനും ഉയരങ്ങളിലെത്താൻ താല്പര്യം അവരുടെ ആഗ്രഹം



ഉയരങ്ങളിലെത്താൻ പരിശ്രമിച്ച ചെയ്തു ഒരു സ്പേസ് റിസർച്ച് സെൻറർ നല്ലൊരു ജോലി കിട്ടി അങ്ങനെ അവളുടെ സ്വപ്നത്തിലേക്ക് തുടങ്ങി അങ്ങനെ അവർ പറക്കാനുള്ള ദിവസമെത്തി പോകാനുള്ള റോക്കറ്റിൽ അടുത്ത പ്രാവശ്യം യാത്ര തടസപ്പെട്ടു എന്നാൽ മൂന്നാമത്തെ യാത്രക്കുള്ള തയാറെടുപ്പിലാണ് വീട്ടുകാരുടെ സങ്കടത്തോടെ വിടപറഞ്ഞു യാത്ര വിജയകരമായി അവൾ തിരിച്ചു മണ്ണിൽ വന്നു വീണ്ടും യാത്രക്കുള്ള തയാറെടുപ്പിലാണ് സങ്കടത്തോടെ ആണെങ്കിലും വീണ്ടും പ്രതീക്ഷയുടെ പുറപ്പെട്ടു എന്നാൽ അവരുടെ ആയുസ്സ് ദൈവം നേരത്തെ ആയിരുന്നു അതുകൊണ്ട് ബഹിരാകാശത്ത് വെച്ച് തന്നെ കത്തി പോയിരുന്നു അച്ഛനും അമ്മയ്ക്കും പോലും ശവശരീരം കാണാൻ കഴിഞ്ഞില്ല പക്ഷേ അവരുടെ മാതാപിതാക്കൾ ഏറെ നാൾ സങ്കടപ്പെട്ട് ഇല്ല കാരണം ഈ ഭൂമിയിൽ വന്നത് എന്തിനോ ആഗ്രഹം ആ കുട്ടി സാധിച്ച അവരുടെ മാതാപിതാക്കൾ അതോർത്ത് അഭിമാനിച്ച കുട്ടിയുടെ പേരാണ് കല്പനചൗള.

അന്ന രാജ്- 8

# തൂലികാ നാമങ്ങൾ




മാധവിക്കുട്ടി – കമലാ സുരയ്യ

ഇടശ്ശേരി– ഗോവിന്ദൻ നായർ

ഉറൂബ്– പി സി കുട്ടികൃഷ്ണൻ

വെട്ടൂർ രാമൻ നായർ

പ്രേംജി എം പി ഭട്ടതിരിപ്പാട്

സ്വദേശാഭിമാനി കൃഷ്ണൻപിള്ള

സുമംഗല ലീല നമ്പൂതിരിപ്പാട്

ഇളംകുളം പിഎൻ കുഞ്ഞൻപിള്ള

കോഴിക്കോടൻ അപ്പുകുട്ടൻ നായർ

സേതു സേതുമാധവൻ

ടി ആർ ടി രാമചന്ദ്രൻ

ഗലീലിയോ എ സത്യപ്രകാശം

വിലാസിനി എംകെ മേനോൻ

ആനന്ദ് പി സച്ചിദാനന്ദൻ

ഓംചേരി നാരായണപിള്ള

കടമനിട്ട കടമ്മനിട്ട രാമകൃഷ്ണൻ

മഹാകവി കുട്ടമത്ത് കുഞ്ഞികൃഷ്ണൻ കുറുപ്പ്

വാനമ്പാടി മേരി ജോൺ കൂത്താട്ടുകുളം

അസ്ന – 7

# പേരയും മാവും



ഒരിടത്ത് ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു അയാൾ ഒരു ദിവസം ഒരു പേരയും മാവും നട്ടു പേരയ്ക്കു നാവിനും കൂട്ടുകാർ ആരും ഇല്ലാത്തതിനാൽ അവർ വളരെയധികം വിഷമത്തിലായി പേരും മാവിനെയും വേറെ സ്ഥലത്താണ് ഇട്ടിരുന്നത് അങ്ങനെയിരിക്കെ പേരയ്ക്കു അമ്മാവനും കൂട്ടുകാരെ കിട്ടി കുറച്ചു നാൾക്കു ശേഷം കൃഷിക്കാരൻ ചെടികൾ നോക്കാനായി വന്നു ആദ്യം അദ്ദേഹം പോയത് മാവ് പാടിയിരിക്കുന്നു കൊമ്പുകളും ഇലകളും എല്ലാം നശിച്ചു കൃഷിക്കാരനോട് ചോദിച്ചു നീ എന്തുകൊണ്ടാണ് വാടി പോയത് നിനക്ക് ഞാൻ ആവശ്യത്തിലധികം ജലം നൽകിയത് അല്ലേ അപ്പോൾ മാപ്പ് പറഞ്ഞു എനിക്ക് ഒരു കൂട്ടുകാരനെ കിട്ടി പക്ഷെ അവൻ എൻറെ ആത്മാർത്ഥ സുഹൃത്ത് ആണെന്ന് ഞാൻ വിചാരിച്ചു എന്നാൽ അവൻ സ്നേഹം നടിച്ച് എന്നെ ചതിച്ചു അവൻറെ പേര് ഇത്തിൽകണ്ണി കൃഷിക്കാരൻ പേര് നോക്കാൻ നന്നായി പോയി പേര് നന്നായി നിൽക്കുന്നു കൃഷിക്കാരൻ പേര് യോട് ചോദിച്ചു മാവ് നശിച്ചു എന്നിട്ടും നീ എന്താണ് ഇങ്ങനെ ഫലഭ്രയിഷ്ടമായ നിൽക്കുന്നത് അതിൻറെ രഹസ്യം എന്താണ് പേര് പറഞ്ഞു എനിക്ക് ഒരു കൂട്ടുകാരനെ കിട്ടി പക്ഷേ അവൻറെ ദേഹം നിറയെ ആളുകളായിരുന്നു ജലപ്രളയത്തിൽ അവൻ എന്നെ താങ്ങി നിർത്തി മുള ആണെങ്കിലും അവൻ എന്നെ ചേർത്തു നിർത്തി എനിക്ക് മുള്ളുകൾ കൊണ്ട് വേദന എടുത്തു എങ്കിലും അവൻ എന്നെ അവൻറെ പേര് കള്ളിമുൾച്ചെടി ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് കൂട്ടുകാരനെ തിരഞ്ഞെടുക്കുമ്പോൾ നല്ല കൂട്ടുകാരനെ വേണം തിരഞ്ഞെടുക്കാൻ



ഐറിൻ മരിയ -8

# സൂഹൃദ്ബന്ധം

ഒരിക്കൽ ഒരു കാട്ടിൽ രണ്ട് ഇണപിരിയാത്ത ചങ്ങാതിമാർ ഉണ്ടായിരുന്നു സിംഹവും കുറുക്കനും അവർ ഇരുവരും വളരെ സ്നേഹത്തോടെയും സന്തോഷത്തോടെയും ആണ് അവിടെ കഴിഞ്ഞിരുന്നത് അങ്ങനെയിരിക്കെ അവർ തമ്മിൽ ഒരു വാക്ക് തർക്കം ഉണ്ടായതിനെ തുടർന്ന് ഇരുവരും അടിച്ചു പിരിഞ്ഞു കുറുക്കനെ ജീവനായി കരുതിയ സിംഹത്തിനെ പിരിയാൻ മനസ്സുവന്നില്ല പക്ഷേ സിംഹത്തിന് ആകട്ടെ താൻ രാജാവാണെന്ന് ഭാവത്തിൽ കുറുക്കനും ആയുള്ള സൗഹൃദം ഉപേക്ഷിച്ചു ഒരിക്കൽ ഒരു വേട്ടക്കാരൻ സിംഹത്തിനെ വേട്ടയാടാൻ ആയി തക്കം പാർത്തിരിക്കുന്ന കുറുക്കൻ ശ്രദ്ധയിൽപ്പെട്ടു തൻറെ ചങ്ങാതിയെ മനുഷ്യന് ബലിനൽകാൻ അവന് താൽപര്യമുണ്ടായിരുന്നില്ല പല മാർഗ്ഗങ്ങളും ഉപയോഗിച്ച് വേട്ടക്കാരനെ തോക്കിനെ ഉന്നം തെറ്റിക്കാൻ കുറുക്കൻ ശ്രമിച്ചു ഉന്നം പിഴച്ച ചെന്നു പെട്ടത് ഒരു കാട്ടാനയുടെ തായിരുന്നു ആന അലറൽ കേട്ടതും വേട്ടക്കാരൻ വിരണ്ടോടി സിംഹത്തിനെ കണ്ണുതുറന്നു യഥാർത്ഥ സുഹൃത്ബന്ധം സിംഹം തിരിച്ചറിഞ്ഞു ഈ സംഭവത്തെ തുടർന്ന് അവർ വീണ്ടും ചങ്ങാതിമാർ ആകുകയും ഒരിക്കലും പിരിയില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു



അനസ്യ ബാബു -8

നന്ദി